# Telephone Conversation between PM and Prime Minister of the Commonwealth of Australia

April 06, 2020

## പ്രധാനമന്ത്രിയും ഓസ്ട്രേലിയ കോമൺവെൽത് പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 06, 2020

---

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി. ഓസ്ട്രേലിയ കോമൺവെൽത്ത് പ്രധാനമന്ത്രിയായ സ്കോട്ട് മോറിസനുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

തുടർന്ന് വരുന്ന കോവിഡ്-19 പകർച്ച വ്യാധിയെക്കുറിച്ചും അതിനെതിരായി സർക്കാരുകൾ സ്വീകരിച്ചിട്ടുള്ള ആഭ്യന്തര പ്രതികരണ സമീപനങ്ങളെക്കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്തു. ഇത്തരമൊരു ആരോഗ്യ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ, സഹകരണാടിസ്ഥാനത്തിലുള്ള ഗവേഷണ പരിശ്രമങ്ങൾ ഉൾപ്പടെയുള്ള അനുഭവങ്ങൾ പരസ്പരം പങ്കു വയ്ക്കേണ്ടതിന്റെ പ്രധാനയവും ഇരു നേതാക്കളും ചർച്ച ചെയ്തു.

ഇന്ത്യയിൽ യാത്ര നിയന്ത്രങ്ങൾ മൂലം കുടുങ്ങി പോയ ഓസ്ട്രേലിയൻ പൗരന്മാർക്കായുള്ള അവശ്യ സൗകര്യങ്ങളും പിന്തുണയും നൽകാൻ ഇന്ത്യ തയാറാണെന്നു പ്രധാനമന്ത്രി അറിയിച്ചു. ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികൾ ഉൾപ്പടെയുള്ളവരെ ഓസ്ട്രേലിയൻ സമൂഹത്തിലെ ഒരു ഭാഗമായി കരുതുന്നത് തുടരുന്നതാണെന്ന് പ്രധാനമന്ത്രി മോറിസൺ തിരിച്ചും ഉറപ്പ് നൽകി.

നിലവിലുള്ള ആരോഗ്യ പ്രതിസന്ധി പരിഹരിക്കുന്നത് പോലെത്തന്നെ ഇന്തോ-പസഫിക്ക് പ്രവിശ്യയിലുൾപ്പടെ ഇന്ത്യ -ഓസ്ട്രേലിയ ബന്ധത്തിലെ പ്രാധാന്യത്തിനും ശ്രദ്ധ ചെലുത്തുമെന്നും ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**06 ഏപ്രിൽ , 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.